(2) കേന്ദ്ര ഗവൺമെന്റ് സർവ്വീസിൽ ഇരിക്കുമ്പോൾ ഗവൺമെന്റ് അനുമതിയോടുകൂടി സ്റ്റേറ്റ് സർവ്വീസിൽ ജോലി സമ്പാദിക്കുന്നവരുടെ കാര്യത്തിലും പ്രസ്തുത സർവ്വീസ പെൻഷനും കണക്കാക്കുന്നതാണ്.

(ബി) ഉത്തരം 'എ' യുടെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

അവിവാഹിതയായ ഗവൺമെന്റ് ഉദ്യോഗസ്ഥർക്ക് പ്രസവാനുകൂല്യം

5 (2377) ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവിവാഹിതയായ ഗവൺമെന്റ് ഉദ്യോഗസ്ഥ പ്രസവിച്ചാൽ പ്രസവാനുകൂല്യം നൽകാൻ വ്യവസ്ഥയുണ്ടോ!

(ബി) ഗവൺമെന്റ് സർവ്വന്റ്സ് കോൺടക്ട് റൂൾസ് അനുസരിച്ച് വിവാഹം കഴിക്കാത്ത സ്ത്രീ പ്രസവിക്കുന്നത് കുറ്റകരമാണോ?

ഉത്തരം

(എ) കെ. എസ്. ആർ. പാർട്ട് I-ലെ 100-ാം ചട്ടമനുസരിച്ച് വനിതാ ജീവനക്കാർക്ക് പ്രസവാവധി അനുവദിക്കുന്നതാണ്. വിവാഹിതരായ വനിതാ ജീവനക്കാർക്ക് മാത്രമേ പ്രസവാവധി അനുവദിക്കൂ എന്നു നിലവിലുള്ള ചട്ടം അനുശാസിക്കുന്നില്ല. അതുകൊണ്ട് പ്രസവാവധി അനുവദിക്കുമ്പോൾ അപേക്ഷ വിവാഹിതയാണോ എന്ന കാര്യം അന്വേഷിക്കേണ്ടതില്ല. അവിവാഹിതയായ ഉദ്യോഗസ്ഥയ്ക്കും പ്രസവാവധിക്കു അർഹതയുണ്ട്.

(ബി) അല്ല.

1986 ലെ സർക്കാർ ഡയറിയിലെ തെറ്റുകൾ

6 (2383) ശ്രീ. എസ്. ആർ. തങ്കരാജ്:

,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986-ലെ സർക്കാർ ഡയറിയിൽ (ഇംഗ്ലീഷ് പതിപ്പിൽ) കടന്നുകൂടിയിട്ടുള്ള തെറ്റുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1986-ലെ സർക്കാർ ഡയറിയിൽ (ഇംഗ്ലീഷ് പതിപ്പിൽ) കേരളത്തിൽ 12 ജില്ലകളുള്ളതായി മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇങ്ങനെ സംഭവിക്കാനുണ്ടായ സാഹചര്യത്തെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) ഇതിനുത്തരവാദികളായവരുടെമേൽ നടപടികൾ എന്തെങ്കിലും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) 1987-ലെ ഡയറിയിൽ തെറ്റുകൾ ഉണ്ടാകാതിരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly